ജലനിധി രണ്ടാംഘട്ട പദ്ധതി

181 (846) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി രണ്ടാംഘട്ട കുടിവെള്ള പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ വഴി ഇതുവരെ എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ സാധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഡി) ജലനിധി രണ്ടാം ഘട്ടത്തിനായി ലോകബാങ്കിൽനിന്ന് ലഭിച്ച വായ്പാ തുകയെത്രയെന്നും ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുകയെത്രയെന്നും പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 31-5-2015 വരെയുള്ള കണക്കനുസരിച്ച് 33,037 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി 31-3-2015 വരെ നീക്കിവച്ച തുക 716.24 കോടി രൂപയും അതിൽനിന്ന് ചെലവഴിച്ചത് 321 കോടി രൂപയുമാണ്.

(ഡി) ഉണ്ട്. ജലനിധി രണ്ടാം ഘട്ടത്തിനായി നാളിതുവരെ ലോകബാങ്കിൽ നിന്നും ലഭിച്ച വായ്പാതുക 207.30 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 75.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

182 (847) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ജലസേചന വകുപ്പ്

ധർമ്മടം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. മുഴപ്പിലങ്ങാട് പഞ്ചായത്തിലെ മാരാൽക്കണ്ടിതോടിന്റെ പാർശ്വഭിത്തികെട്ടി സംരക്ഷണം	15.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു.
2. കടമ്പൂർ പഞ്ചായത്തിന്റെ ആഡൂർ തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം	15.00 ലക്ഷം	40% പ്രവൃത്തി പൂർത്തീകരിച്ചു
3. പെരളശ്ശേരി പഞ്ചായത്തിലെ മുണ്ടലൂർ കുളത്തിന്റെ നവീകരണം	15.00 ലക്ഷം	ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ക്യാൻസൽ ചെയ്തു
4. പെരളശ്ശേരി പഞ്ചായത്തിലെ മാവിലായി വലിയ തോടിനു കുറുകെ കൊയ്യയമ്പേത്ത് താഴെ വി.സി.ബി. നിർമ്മാണം	29.50 ലക്ഷം.	ടെണ്ടർ അംഗീകാരത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു
5. എടക്കാട് പഞ്ചായത്തിലെ ചാലത്തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം	18.50 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
6. പെരളശ്ശേരി പഞ്ചായത്തിലെ മാവിലായി വലിയകണ്ടി ഉപ്പുവെള്ള പ്രതിരോധബണ്ടിന്റെ അറ്റകുറ്റപ്പണികൾ	6.35 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
7. വേങ്ങോട് പഞ്ചായത്തിലെ പടുവിലായി തോടിനുകുറുകെയുള്ള ഊർപ്പള്ളി വി.സി.ബി.യുടെ അറ്റകുറ്റപ്പണികളും പാർശ്വഭിത്തികെട്ടി സംരക്ഷണവും		പ്രവൃത്തി പൂർത്തീകരിച്ചു

8. ധർമ്മടം ഗ്രാമപഞ്ചായത്തിലെ പരീക്കടവിലെ കടൽഭിത്തിയുടെ പുനരുദ്ധാരണം (സി.പി.സ്റ്റോൺ 2199 സമീപം)	15.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
9. ധർമ്മടം പഞ്ചായത്തിലെ പരീക്കടവിന് തെക്കുള്ള സി. പി. സ്റ്റോൺ 2198-കടൽ ഭിത്തിയുടെ പുനരുദ്ധാരണം	10.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
10. മുഴപ്പിലങ്ങാടി ബീച്ചിനു സമീപത്തുള്ള നാഷണൽ അക്വാട്ടർ അക്കാഡമി കെട്ടിട (വടക്ക് സി. പി. സ്റ്റോൺ 2231) ബണ്ട് നിർമ്മാണം	1.545 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
11. മാമ്പറം ബ്രിഡ്ജിന് താഴെയായി അഞ്ചരക്കണ്ടി റിവറിന്റെ ഇടത് ബാങ്കിന്റെ സംരക്ഷണം	19.50 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
12. പേരലശ്ശേരി പഞ്ചായത്തിലെ അഞ്ചരക്കണ്ടി റിവറിന്റെ വലതു വശത്തിന്റെ സംരക്ഷണം	19.25 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു
13. ധർമ്മടം പഞ്ചായത്തിലെ വട്ടക്കൽ ചാത്തോടത്ത് സി. പി. സ്റ്റോൺ 2204 സമീപമുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണം	15.00 ലക്ഷം	പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭി ക്കുന്നതാണ്
14. ധർമ്മടം പഞ്ചായത്തിലെ പരീക്കടവിൽ സി. പി. സ്റ്റോൺ 2197 സമീപത്തുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണം	10.00 ലക്ഷം	പ്രവൃത്തി പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റി

ധർമ്മടം നിയോജക മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

തലശ്ശേരി കുടിവെള്ള പദ്ധതിയുടെ നവീകരണപ്രവൃത്തി	4950 ലക്ഷം രൂപ	പൂർത്തീകരിച്ചു. കിണർ, പമ്പ് ഹൗസ് ഇവയുടെ നിർമ്മാണം ഇടങ്ങിയിട്ടില്ല
അഞ്ചരക്കണ്ടി പഞ്ചായത്തിലെ കണ്ണാടി വെളിച്ചം മിനി സ്റ്റേഡിയം ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടൽ	25 ലക്ഷം രൂപ	പ്രവൃത്തി പൂർത്തീകരിച്ചു
കടമ്പൂർ പഞ്ചായത്തിലെ എടക്കാട് മീന്തലെക്കണ്ടി ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടൽ	25 ലക്ഷം രൂപ	സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു
കടമ്പൂർ പഞ്ചായത്തിലെ അട്ടൂർ കാപ്പുകുളം ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടൽ	25 ലക്ഷം രൂപ	സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു
2015-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ധർമ്മടം നിയോജകമണ്ഡലത്തിൽ 17 സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടുന്നത്	4955000	പ്രവൃത്തി നടപ്പിലാക്കി വരുന്നു
അഞ്ചരക്കണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം.	586 ലക്ഷം	ടെണ്ടർ നടപടികൾ നടന്നുവരുന്നു

ഭൂജല വകുപ്പ്

ഭൂജല വകുപ്പ് ധർമ്മടം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

നം.	സ്ഥലത്തിന്റെ പേര്	പദ്ധതി	പദ്ധതി ഇനം	നടപ്പിലാക്കിയ വർഷം	ഗ്രാമപഞ്ചായത്ത്
1	തറമ്മൽ	കുടിവെള്ള പദ്ധതി	രാജീവ്ഗാന്ധി	2014-15	അഞ്ചരക്കണ്ടി
2	തന്നട എൽ. എച്ച്. കോളനി	കുടിവെള്ള പദ്ധതി	രാജീവ് ഗാന്ധി	2013-14	ചെമ്പിലോട്
3	നെസ്റ്റ് ലൈബ്രറി	കുടിവെള്ള പദ്ധതി	രാജീവ് ഗാന്ധി	2013-14	ചെമ്പിലോട്
4	കൊപ്പരക്കളം മൊട്ട	കുടിവെള്ള പദ്ധതി	രാജീവ് ഗാന്ധി	2013-14	ചെമ്പിലോട്
5	പാനേരിച്ചാൽ അംഗനവാടി	കുടിവെള്ള പദ്ധതി	രാജീവ് ഗാന്ധി	2013-14	ചെമ്പിലോട്
6	കണയന്നൂർ	കുടിവെള്ള പദ്ധതി	രാജീവ് ഗാന്ധി	2013-14	ചെമ്പിലോട്

മഴവെള്ള സംഭരണി

183 (848) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly